**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 197** **23-02-2026 - ൽ മറുപടിയ്ക്ക്**

**ബ്രാൻഡിംഗ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ മേഖലയിലെ ഉല്പന്നങ്ങളുടെ വിപണി സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ലക്ഷ്യമിട്ട് നടപ്പാക്കി വരുന്ന ബ്രാൻഡിംഗ് പദ്ധതിയെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | കേരളത്തിലെ സഹകരണ മേഖലയിലെ ഉല്പന്നങ്ങളെ ഏകീകൃത ബ്രാൻഡിംഗിന് കീഴിൽ കൊണ്ടുവന്നു വിപണിയിൽ സജീവമാക്കുന്നതിന് "ബ്രാൻഡിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റിവ് പ്രോഡക്ട്സ്" എന്ന പദ്ധതിക്ക് സഹകരണ വകുപ്പ് രൂപം നൽകിയിട്ടുണ്ട്. സഹകരണ മേഖലയിൽ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ ഗുണ നിലവാരം ഉറപ്പുവരുത്തി ഏകീകൃത ബ്രാൻഡിംഗിൽ കൊണ്ടുവന്നു വിപണി ശൃംഖല കെട്ടിപ്പടുക്കുക, ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ ന്യായവിലയിൽ ലഭ്യമാക്കുക, ദേശീയ അന്തർ ദേശീയ വിപണിയിലേക്ക് ചുവട് വെക്കുക, കേരളത്തിൽ പ്രധാന സ്ഥലങ്ങളിൽ ഔട്ട്-ലെറ്റുകൾ സ്ഥാപിക്കുക, ഓൺലൈൻ വിപണി സൃഷ്ടിക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തി coopkerala സർട്ടിഫിക്കേഷൻ മാർക്ക് നൽകിവരുന്നു. |
| (ബി) | ഇതിന്റെ ഭാഗമായി നടപ്പാക്കുന്ന കോപ്-മാർട്ടുകൾ സംസ്ഥാനത്താകെ വ്യാപിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | "ബ്രാൻഡിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റിവ് പ്രോഡക്ട്സ്" എന്ന പദ്ധതിയുടെ ഭാഗമായി സുരക്ഷിത ഭക്ഷ്യ വിഭവങ്ങൾ ഉൾപ്പെടെ സഹകരണ മേഖലയിലെ വൈവിദ്ധ്യവും ഗുണനിലവാരമുള്ളതുമായ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി എല്ലാ ജില്ലകളിലും ഏകീകൃത മാതൃകയിൽ ഓരോ കോപ്പ്മാർട്ടുകൾ (coopmart) ആദ്യഘട്ടത്തിൽ ആരംഭിച്ചിരുന്നു. നിലവിൽ 14 ജില്ലകളിലായി 54 കോപ്പ്മാർട്ടുകൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ coopkerala സർട്ടിഫിക്കറ്റ് ലഭിച്ച ഉല്പന്നങ്ങളുടെ വിപണനം നടത്തുന്നതിനായി |

| | | | |
|---|---|---|---|
| | | | "അങ്ങാടി കേരള" എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ രൂപീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയിലൂടെ വിപണിയിലേയ്ക്ക് എത്തുന്ന ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എന്തൊക്കെ സർട്ടിഫിക്കേഷനുകളാണ് നിലവിൽ നൽകി വരുന്നതെന്ന് വിശദമാക്കുമോ; | (സി) | "ബ്രാൻഡിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതിയുടെ ആദ്യ പടിയായി സഹകരണ ഉല്പന്നങ്ങളുടെ സർട്ടിഫിക്കേഷൻ മാർക്കായ **coopkerala** എന്ന വ്യാപാര മാർക്ക് രൂപകൽപ്പന ചെയ്തിട്ടുണ്ട്. സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തി **coopkerala** സർട്ടിഫിക്കേഷൻ മാർക്ക് നൽകിവരുന്നു. നിലവിൽ 14 സംഘങ്ങളുടെ 66 ഉല്പന്നങ്ങൾക്ക് സർട്ടിഫിക്കേഷൻ മാർക്ക് നൽകിയിട്ടുണ്ട്. |
| (ഡി) | ഇതിലൂടെ സഹകരണ രംഗത്തെ ഉല്പന്നങ്ങൾക്ക് വിദേശ രാജ്യങ്ങളിൽ വിപണി കണ്ടെത്തുവാൻ കഴിയുന്നുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | ഉണ്ട്. ബ്രാൻഡിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ് പദ്ധതിയുടെ ഭാഗമായി ഇ-കൊമേഴ്സ് പ്ലാറ്റ്ഫോം ആയ ആമസോൺ മൊബൈൽ ആപ്ലിക്കേഷൻ വഴി സഹകരണ സംഘങ്ങളുടെ ഉല്പന്നങ്ങൾ വിദേശ വിപണിയിൽ എത്തിക്കുന്നതിന് സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ